## ഹദീസ്

# നോമ്പുകാരന്റെ ദിനചര്യകൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ أَصْبَحَ مِنْكُمُ الْيَوْمَ صَائِمًا؟ فَقَالَ أَبُوبَكْرٍ رَضِيَ اللَّهُ عَنهُ: أَنَا ، فَقَالَ: مَنْ أَطْعَمَ مِنْكُمُ الْيَوْمَ مِسكِينًا؟ فَقَالَ أَبُوبَكْرٍ: أَنَا ، قَالَ : مَنْ تَبِعَ مِنْكُمُ الْيَوْمَ جَنَازَةً ؟ قَالَ أَبُوبَكْرٍ: أَنَا ، فَقَالَ: مَنْ عَادَ مِنْكُمُ الْيَوْمَ مَرِيضًا؟ قَالَ أَبُوبَكْرٍ: أَنَا ، فَقَالَ رَسُولُ اللَّهِ ﷺ: مَااجْتَمَعْتَ هَذِهِ الْخِصَالُ قَطُّ فِي رَجُلٍ إِلَّا دَخَلَ الْجَنَّةَ

**അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) ചോദിച്ചു: "നിങ്ങളിൽ ആരാണിന്ന് നോമ്പുകാരൻ?" അബൂബക്കർ(റ) പറഞ്ഞു: "ഞാൻ." നബി(സ) വീണ്ടും: "നിങ്ങളിലിന്ന് ഒരു ദരിദ്രന് ഭക്ഷണം നൽകിയത് ആരാണ്?" അബൂബക്കർ(റ): "ഞാൻ." നബി(സ): "ഇന്ന് നിങ്ങളിൽ ഒരു ജനാസയെ അനുഗമിച്ചവരായി ആരുണ്ട്?" അബൂബക്കർ(റ): "ഞാൻ." നബി(സ): "നിങ്ങളിലിന്ന് ഒരു രോഗിയെ സന്ദർശിച്ചവൻ ആരാണ്?" അബൂബക്കർ(റ): "ഞാൻ." നബി(സ) അരുളി: "ഈ സൽകർമങ്ങളെല്ലാം ഒരാളിൽ ഒരുമിച്ചു കൂടിയോ, അയാൾ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കില്ല."***

**നോമ്പ്** വ്യക്തിയിൽ ഉണ്ടാക്കേണ്ട സ്വഭാവ ഗുണങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുകയാണ് ഈ ഹദീസ്. കേവലാർഥത്തിലുള്ള ഒരാരാധനാ കർമമല്ല നോമ്പ്. അല്ലാഹുവുമായും അതോടൊപ്പം അവന്റെ സൃഷ്ടികളുമായും ഒരേസമയം വിശ്വാസിയെ ചേർത്തുനിർത്തുന്ന സവിശേഷ ആരാധനയാണത്. ദൈവസാമീപ്യവും പാരത്രിക മോക്ഷവുമാണ് നോമ്പുകാരന്റെ ലക്ഷ്യമെങ്കിലും അത് നേടിയെടുക്കാൻ അല്ലാഹു നിർദേശിച്ച മാർഗം സൃഷ്ടികളോടും സ്രഷ്ടാവിനോടും നോമ്പുകാരൻ ഒരേപോലെ ബന്ധം ചാർത്തുക എന്നതാണ്. പ്രാർഥനകളും കീർത്തനങ്ങളും വേദപാരായണവുമായി റമദാനിനെ സജീവമാക്കുമ്പോൾ തന്നെ, അത്ര തന്നെയളവിൽ ജനസേവന രംഗത്തും ശ്രദ്ധയൂന്നേണ്ടതുണ്ട്. എങ്കിൽ മാത്രമേ നോമ്പ് ദൈവസന്നിധിയിൽ പ്രതിഫലാർഹമായ കർമമായി മാറുകയുള്ളൂ.

മേൽകൊടുത്ത ഹദീസിൽ 'ദരിദ്രന് ഭക്ഷണം നൽകുക' എന്നതാണ് നോമ്പുകാരന്റെ പ്രഥമ ദിനചര്യയായി പ്രവാചകൻ(സ) പഠിപ്പിക്കുന്നത്. അന്നപാനീയങ്ങളുടെ വർജനമാണ് പ്രത്യക്ഷത്തിൽ നോമ്പ്. കഴിവുണ്ടായിട്ടും ഭക്ഷണം കഴിക്കാതെ ബോധപൂർവം പട്ടിണി പരിശീലിക്കുകയാണ്. പണക്കാരൻ വിശപ്പിന്റെ രുചിയും മണവും തിരിച്ചറിയുന്നത് റമദാനിലാണ്. സമൂഹത്തിലെ നിത്യപട്ടിണിക്കാരോട് അലിവും കാരുണ്യവുമുണ്ടാകാൻ അത് നിമിത്തമാവുന്നു. റമദാനിനെ 'ദീനാനുകമ്പയുടെ മാസം' (ശഹ്റുൽ മുവാസാത്ത്) എന്ന് വിളിക്കുന്നതും ഇതേ കാരണത്താലാണ്.

ഇഹലോകവാസം വെടിഞ്ഞ തന്റെ സഹോദരന് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കാനും അവന്റെ ജനാസയെ അനുഗമിക്കാനും ഓരോരുത്തർക്കും ബാധ്യതയുണ്ട്. നോമ്പുകാരനാവട്ടെ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കണം. ജനാസയെ പിന്തുടരുന്നവർക്ക് ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് നബി(സ) പറഞ്ഞതിപ്രകാരമാണ്: "വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ഒരാൾ ഒരു മുസ്‌ലിമിന്റെ ജനാസയെ അനുഗമിക്കുകയും എന്നിട്ട് നമസ്കാരവും മറമാടലും പൂർത്തിയായതിന് ശേഷം തിരിച്ച് പോരുകയും ചെയ്താൽ അവന് രണ്ട് 'ഖീറാത്' പ്രതിഫലം ലഭിക്കുന്നതാണ്. ഒരോ 'ഖീറാത്വും' ഉഹ്ദ് മലയുടെ അത്രയുണ്ടാവും" (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമുദി).

രോഗസന്ദർശനമാണ് ഹദീസിൽ തുടർന്ന് പരാമർശിക്കുന്നത്.

നബി(സ) പറഞ്ഞു: "നിശ്ചയം റമദാൻ എന്റെ സമുദായത്തിന്റെ മാസമാണ്. അന്ന് അവരിൽ ഒരാൾ രോഗിയായാൽ അവർ അയാളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതാണ്" (ദൈലമി, അബുശൈഖ്). "വല്ലവനും ഒരു രോഗിയെ സന്ദർശിക്കാനായി ഇറങ്ങിപ്പുറപ്പെട്ടാൽ വാനലോകത്തുനിന്നും ഒരു മാലാഖ ഇപ്രകാരം വിളിച്ചു പറയും: നീ നല്ലതു ചെയ്തു. നിന്റെ നടത്തം ഗുണകരമായി ഭവിച്ചു. സ്വർഗീയാരാമങ്ങളിൽ നീയൊരു സ്ഥാനം സജ്ജമാക്കി." (തിർമുദി, ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ).

അബൂബക്കർ(റ) എപ്രകാരമാണ് ഇതര സ്വഹാബികളിൽനിന്ന് വ്യത്യസ്തനാവുന്നതെന്നും എന്തുകൊണ്ടാണ് പ്രവാചകൻ(സ) തന്റെ ആത്മ സുഹൃത്തായി അദ്ദേഹത്തെ തെരഞ്ഞെടുത്തതെന്നും ഈ തിരുവചനം വ്യക്തമാക്കുന്നുണ്ട്. നോമ്പും സേവന പ്രവർത്തനങ്ങളും തമ്മിലുള്ള പാരസ്പര്യം മറ്റൊരിക്കൽ അവിടുന്ന് ഇപ്രകാരം ചിത്രീകരിക്കുകയുണ്ടായി: "അഞ്ചുകാര്യങ്ങൾ ഒരു ദിവസം ഒരാൾ പ്രവർത്തിച്ചാൽ അവനെ സ്വർഗവാസികളിൽ ഉൾപ്പെട്ടവനായി അല്ലാഹു രേഖപ്പെടുത്തും. രോഗിയെ സന്ദർശിക്കുക, ജനാസയെ അനുഗമിക്കുക, നോമ്പനുഷ്ഠിക്കുക, ജുമുഅക്ക് നേരത്തെ പോവുക, അടിമയെ മോചിപ്പിക്കുക എന്നിവയാണവ" (അഹ്മദ്, ബസ്സാർ, ഇബ്നു ഹിബ്ബാൻ). ■

**ജഅ്ഫർ എളമ്പിലാക്കോട്**
jafarelkd@gmail.com

** ഇമാം ബുഖാരി - അദബുൽ മുഫ്റദ് 515, മുസ്‌ലിം - 1028, ബൈഹഖി- ശുഅബുൽ ഈമാൻ 9199 തുടങ്ങിയവർ ഉദ്ധരിച്ച പ്രബലമായ ഹദീസ്.*

Vol. No: 67 Issue No. 13 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid